LIBRARY ARCHIVES Kerala Legislative Assembly

സ്കൂളിലെ 2267 ടീച്ചർമാർക്കും 1097 ആയമാർക്കും 1000 രൂപ 1-4-2021 മുതൽ വർദ്ധിപ്പിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ച് ധനകാര്യ വകുപ്പിന്റെ 23-2-2021-ലെ 32/2021 നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവിൽ എയ്ഡഡ് സ്കൂളുകളോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി വിഭാഗത്തെ സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ച ഫയൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. 2011-12 വരെ ആരംഭിച്ചിട്ടുള്ള പ്രീ-പ്രൈമറി സ്കൂളുകളിലാണ് നിലവിൽ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി ഉച്ചഭക്ഷണം നൽകിവരുന്നത്. 2012-13 മുതൽ പുതിയ പ്രീ-പ്രൈമറികൾ ആരംഭിക്കാൻ അനുവാദം നൽകാത്ത സാഹചര്യത്തിലാണ് ഉച്ചഭക്ഷണം നൽകാൻ കഴിയാത്തത്. കൂടാതെ 2015-ലെ കേന്ദ്ര ഉച്ചഭക്ഷണ പദ്ധതി നിയമപ്രകാരം (മിഡ്-ഡേ മീൽ റൂൾസ്, 2015) സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമെ അർഹതയുള്ളൂ. എന്നിരുന്നാലും രണ്ടുലക്ഷത്തി അമ്പതിനായിരത്തോളം വരുന്ന പ്രീ-പ്രൈമറി കുട്ടികളെക്കൂടി ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2012-ന് ശേഷമാരംഭിച്ച പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ കുട്ടികളെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(7) മുണ്ടൂർ-ളുത റോഡ് നിർമ്മാണം

ശ്രീമതി ശാന്തകുമാരി കെ.: സർ, പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ ഭാഗമായി റീ-ബിൽഡ് കേരളയിൽ ഉൾപ്പെടുത്തിക്കൊണ്ട് കോങ്ങാട്-മലമൂഴ-ഒറ്റപ്പാലം-ഷൊർണ്ണൂർ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന, മലപ്പുറം ജില്ലയെ ബന്ധിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ടൊരു റോഡ് ഗതാഗതമാണ് മുണ്ടൂർ മുതൽ ളുത വരെ നീണ്ടുനിൽക്കുന്ന 38 കി. മീ. ദൂരം. അതിന്റെ ഭാഗമായി 360 കോടി രൂപ വകയിരുത്തിക്കൊണ്ട് കെ.എസ്.ടി.പി. വഴി ഏറ്റെടുത്തിട്ടുള്ള പ്രവൃത്തിക്ക് നാളിതുവരെയും ത്വരിതഗതിയിലുള്ള പ്രവർത്തനമുണ്ടായിട്ടില്ലെന്ന് മാത്രമല്ല ഈ പദ്ധതി പ്രകാരം യൂട്ടിലിറ്റി ഷിഫ്റ്റിംഗും മണ്ണെടുപ്പും തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങൾ മഴക്കാലമാകുന്ന ഈ ഘട്ടത്തിൽ വലിയ രൂപത്തിലുള്ള പ്രതിസന്ധി തദ്ദേശവാസികൾക്ക് ഉണ്ടാക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരിക്കുകയാണ്. ഞാൻ മനസ്സിലാക്കിയത്, റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയായതുകൊണ്ട് കമ്പൽസറി അക്വിസിഷൻ ഉണ്ടാകുന്നില്ലായെന്നതുകൊണ്ടും അതിന്റെ അലൈൻമെന്റ്സ് ഉൾപ്പെടെയുള്ള കാര്യങ്ങൾ കൃത്യമായി നിർണ്ണയിക്കേണ്ടതുണ്ടെന്നുള്ളതുകൊണ്ടും ഇതിന്റെ പ്രവർത്തനം ഏത് നിലയിലായെന്നത് സംബന്ധിച്ച വിവരം ലഭിക്കേണ്ടതുണ്ട്. ഇതിൽ ഗവൺമെന്റിന്റെ സ്ഥലം കൃത്യമായി കണ്ടെത്താനും തിട്ടപ്പെടുത്താനും സ്പെഷ്യൽ

LIBRARY ARCHIVES Kerala Legislative Assembly

സർവ്വേയർ ഉൾപ്പെടെയുള്ളവരെ നിയമിക്കേണ്ട കാര്യങ്ങൾ, യൂട്ടിലിറ്റി ഷിഫ്റ്റിംഗിന്റെ അടിയന്തര പ്രാധാന്യത്തോടുകൂടി മാറ്റേണ്ട കാര്യങ്ങൾ എന്നിവ സംബന്ധിച്ച തൽസ്ഥിതി വിവരങ്ങൾ നൽകാമോ?

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗമുന്നയിച്ച വിഷയം മുണ്ടൂർ-ളുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ടതാണ്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതും പാലക്കാട്, മലപ്പുറം ജില്ലകളിലൂടെ കടന്നുപോകുന്നതുമായ മുണ്ടൂർ-ളുത റോഡിന്റെ പുനർനിർമ്മാണ പ്രവൃത്തി ലോക ബാങ്കിന്റെ ധനസഹായത്തോടെയാണ് നടപ്പിലാക്കുന്നത്. 337.63 കോടി രൂപ കരാർ തുകയുള്ള പ്രവൃത്തി 27-01-2021-ന് ആരംഭിച്ചു. ഇരുവശങ്ങളിലെയും ഓട നിർമ്മാണം, യൂട്ടിലിറ്റി ഡക്ട്, മീഡിയൻ എന്നിവ സഹിതമുള്ള റോഡ് നിർമ്മാണമാണ് ഉദ്ദേശിക്കുന്നത്. മുണ്ടൂർ ജംഗ്ഷനിലാരംഭിച്ച് ളുത ജംഗ്ഷനിൽ അവസാനിക്കുന്ന ഈ റോഡിന്റെ ആകെ നീളം 36.80 കി. മീ. ആണ്. മുണ്ടൂർ ജംഗ്ഷനിൽ നിലവിലുള്ള പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മാണം, നിരവധി ചെറിയ പാലങ്ങൾ, കലുങ്കുകൾ എന്നിവയുടെ നിർമ്മാണം, വികസനം എന്നിവയും ഈ പ്രവൃത്തിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പ്രവൃത്തിയുടെ രൂപകൽപ്പന വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. ലഭ്യമായ ഡിസൈനുസരിച്ചുള്ള ഓട നിർമ്മാണം പുരോഗമിക്കുന്നു. നിലവിലുള്ള ജല വിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിന് കെ.എസ്.ഇ.ബി.യിൽ നിന്നുള്ള എസ്റ്റിമേറ്റും മരം മുറിക്കുന്നതിന് വനം വകുപ്പിൽനിന്നുള്ള അനുമതിയും ലഭ്യമാക്കി സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(8) മുള്ളൂരുത്തി ആർ.ഒ.ബി.-യുടെ അപ്രോച്ച് റോഡ്

ശ്രീ. അനൂപ് ജേക്കബ്: സർ, ലെവൽ ക്രോസ്സുകളില്ലാതെയുള്ള സമീപനം റോഡുകളിൽ സ്വീകരിക്കുകയെന്നത് ഗവൺമെന്റിന്റെ നയമായി പറയുകയുണ്ടായി. തീർച്ചയായും ഏറെ സ്വാഗതം ചെയ്യുന്ന ഒന്ന് തന്നെയാണത്. ലെവൽ ക്രോസ്സിൽക്കിടന്ന് സമയനഷ്ടമുണ്ടാകുന്നതിന് പുറമെ ആംബുലൻസുകൾക്കുപോലും കടന്നുപോകാനാകാതെ ജീവൻ നഷ്ടപ്പെട്ട സന്ദർഭങ്ങളും അനവധിയുണ്ട്. ഇവിടെ സൂചിപ്പിക്കുകയും എഴുതി തരുകയും ചെയ്തത് എന്റെ നിയോജകമണ്ഡലത്തിലെ മുള്ളൂരുത്തി റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനം അനന്തമായി വൈകിപ്പോയിട്ടുള്ള